# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 132 — 08.02.2016-ലെ മറുപടിക്ക്

## കടപ്പത്രം

| | ചോദ്യം<br>ശ്രീ. ബാബു. എം. പാലിശ്ശേരി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കാനാണ് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് ; വ്യക്തമാക്കാമോ ; | കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയമാണ് കടപ്പത്രം പുറപ്പെടുവിക്കാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 61463 കോടി രൂപ വായ്പയെടുക്കാനുള്ള അനുമതിയാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. |
| (ബി) | നാളിതുവരെ എത്ര കടപ്പത്രങ്ങൾ വഴി എത്ര കോടി രൂപ സമാഹരിച്ചു ; വ്യക്തമാക്കാമോ ; | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 67 കടപ്പത്രങ്ങളിലായി 58713 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം കടമെടുക്കുന്ന തുക റവന്യു ചെലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടോ ; കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ പറഞ്ഞിരുന്ന ആവശ്യം എന്തായിരുന്നു ; വ്യക്തമാക്കാമോ ; | സംസ്ഥാനത്തിന്റെ വിവിധ വികസന ആവശ്യങ്ങൾക്ക് വേണ്ടിയാണ് കടപ്പത്രം വഴി ധനസമാഹരണം നടത്തുന്നത്. ഇപ്രകാരം വായ്പ എടുത്ത മുഴുവൻ തുകയും 'Consolidated fund' ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

| | | |
|---|---|---|
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു ; ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര രൂപ വീതം ; അവയുടെ തിരിച്ചടവ് തുടങ്ങുന്നതെന്ന് ; പലിശ നിരക്ക് എത്ര ശതമാനം ; സബ്സിഡികൾ ലഭ്യമാണോ ; വ്യക്തമാക്കാമോ ; | വിശദാംശം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (ഇ) | പ്രതിവർഷം എന്തു തുക സംസ്ഥാന വായ്പയുടെ പലിശയും മുതലും ഇനത്തിൽ തിരിച്ച് നൽകേണ്ടതായിട്ടുണ്ട് ; വിശദമാക്കാമോ ? | വിശദാംശം അനുബന്ധം 2 ൽ ചേർക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ